## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2993** 12-07-2022 - ൽ മറുപടിയ്ക്ക്

## ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കോട്ടയം വെള്ളാവൂർ നാടൻ കലാഗ്രാമം കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 17.02.2021-ന് കെട്ടിടത്തിന്റെ ഉദ്ഘാടനം നടന്നു. 2021 നവംബർ 20-ാം തീയതി മുതൽ പരിശീലനം ആരംഭിച്ചു. ഒന്നാം ഘട്ടത്തിൽ നാടൻപാട്ട് പരിശീലനം മാത്രമാണ് നൽകിയിരുന്നത്. പ്രസ്തുത പരിശീലന പരിപാടി കുട്ടികളുടെ പരീക്ഷയുടെ സമയത്ത് ഹാജർനില കുറഞ്ഞതുകൊണ്ട് 2022 ഫെബ്രുവരി 20-ന് താൽക്കാലികമായി അവസാനിപ്പിച്ചു. നിർമ്മാണ പ്രവൃത്തി ഏൽപ്പിച്ച കെൽ എന്ന സ്ഥാപനം അവസാനഘട്ട പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലേക്ക് ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; | (ബി) | പ്രസ്തുത സ്ഥാപനത്തിലേക്ക് രണ്ട് സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ പഠനക്ലാസുകൾ, പരിശീലന പരിപാടികൾ എന്നിവ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പഠനക്ലാസ്സുകൾ, പരിശീലന പരിപാടികൾ എന്നിവ പുനരാരംഭിക്കുന്നതിന് സമയ-ബന്ധിത പ്രോജക്ടിലേക്ക് വിവിധ വിഷയങ്ങളിലെ പരിശീലന അദ്ധ്യാപകരുടെയും സ്ഥാപന നടത്തിപ്പിന് വേണ്ടിയുള്ള തസ്തികകളിലേക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്നും ആഗസ്റ്റ് ആദ്യവാരത്തോടെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണെന്നും കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ